ഉത്തരം

(എ&ബി) മ്യൂസിയം മൃഗശാല വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരുമാണ് ഓരോ മൃഗശാലകളുള്ളത്. ഇതിൽ തൃശ്ശൂർ മൃഗശാല റിക്രസിപ്പിക്കുന്നതിനുവേണ്ടി പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിനും അതിനു വേണ്ട വനഭൂമി ലഭ്യമാക്കുന്നതിനും നടപടി തുടർന്നുവരികയാണ്. തിരുവനന്തപുരം മൃഗശാല നവീകരണപദ്ധതിയുടെ ഭാഗമായി മൃഗാശുപത്രി നവീകരിച്ച് മൃഗങ്ങൾക്ക് ആധുനിക ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ട ഉപകരണങ്ങൾ വാങ്ങി, ആന, കാണ്ടാമൃഗം, ഹിപ്പോ എന്നീ മൃഗങ്ങൾക്കും വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വാനരവർഗ്ഗത്തിൽപ്പെട്ട ജീവികൾക്കും ബ്ലാക്ക് ബിയർ, സ്ലോത്ത് ബിയർ എന്നീ കരടികൾക്കും വേണ്ടിയുള്ള തുറന്ന ആവാസ കേന്ദ്രങ്ങളുടെ പണി പൂർത്തിയാക്കി അവയെ മാറ്റി പാർപ്പിച്ചു. പാതിരിക്കുരങ്ങ്, കരിംകുരങ്ങ്, ഹനുമാൻകുരങ്ങ്, സിംഹം, ചിമ്പാൻസി എന്നീ മൃഗങ്ങൾക്കു വേണ്ടിയുള്ള തുറന്ന ആവാസ കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. തിരുവനന്തപുരം നാപ്പിയർ മ്യൂസിയം ആധുനിക സങ്കൽപ്പങ്ങൾക്കനുസരിച്ച് നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) തിരുവനന്തപുരം മൃഗശാല നവീകരണപദ്ധതിക്കുവേണ്ടി ഇതുവരെ 491.17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പക്ഷികൾ, പുലികൾ, സീബ്ര, പുള്ളിമാൻ, കാട്ടുപന്നി എന്നിവയ്ക്ക് വേണ്ടിയുള്ള തുറന്ന ആവാസകേന്ദ്രങ്ങൾ നിശാചരണ ജീവികൾക്ക് വേണ്ടിയുള്ള ആവാസകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണം.

മൃഗശാലകൾ

42 (3983) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ളതും സ്വകാര്യ വ്യക്തികളോ സംഘടനകളോ നടത്തുന്നതുമായ എത്ര മൃഗശാലകളുണ്ട് ; അവ ഏതെല്ലാം ;

(ബി) ഇവയിൽ സൂ അതോറിറ്റിയുടെ അംഗീകാരം കിട്ടാത്ത മൃഗശാലകളുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(സി) പ്രസ്തുത മൃഗശാലകൾക്ക് അംഗീകാരത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടായിരുന്നോ ;

(ഡി) എങ്കിൽ ഇവയ്ക്ക് അംഗീകാരം കിട്ടാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം ഇനങ്ങളിലുള്ള വന്യജീവികളാണ് ഉള്ളതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മ്യൂസിയം-മൃഗശാലവകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരിലും ഓരോ മൃഗശാലകളുണ്ട്. സ്വകാര്യവ്യക്തികളും സംഘടനകളും നടത്തുന്ന മൃഗശാലകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) തിരുവനന്തപുരം മൃഗശാലയ്ക്ക് അംഗീകാരം ഉണ്ട്. തൃശ്ശൂർ മൃഗശാലയ്ക്ക് 31-3-1998 വരെ മാത്രമേ അംഗീകാരം ലഭിച്ചിട്ടുള്ളൂ.

(സി) ഉണ്ട്.

(ഡി) തൃശ്ശൂർ മൃഗശാല കൂടുതൽ സ്ഥലസൗകര്യമുള്ള സ്ഥലത്തേക്ക് മാറ്റിസ്ഥാപിച്ച് വികസിപ്പിച്ചാൽ മാത്രമേ അംഗീകാരം പുതുക്കാൻ സാധിക്കുകയുള്ളൂ ഇതിനുള്ള നടപടികൾ നടത്തിവരുന്നു.

(ഇ) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലെ വന്യജീവികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

തിരുവനന്തപുരം നഗരത്തിലെ കുളങ്ങളുടെ ശുചീകരണം

43 (3984) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരം മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ചരിത്രസ്മാരകങ്ങളും, കോട്ടകളും സംരക്ഷിക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) എന്നാൽ ഈ പ്രദേശങ്ങളിലെ പല കുളങ്ങളും വർഷങ്ങളായി ശുചിയാക്കാത്തതുമൂലം മലിനമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികളോ, നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ചരിത്രസ്മാരകങ്ങളും കോട്ടകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി മലിനമായി കിടക്കുന്ന കുളങ്ങൾ പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ജി) വൃത്തിഹീനമായി കിടക്കുന്ന കുളങ്ങൾ ശുചിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വകാര്യമേഖലയുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly